## യോബേലിന്റെ നിർവചനം— അതിന്റെ മുൻകുറി, പ്രവചനം, നിറവേറൽ

**I. ലേവ്യപുസ്തകത്തിൽ യോബേലിന്റെ മുൻകുറി, യെശയ്യാവിൽ യോബേലിന്റെ യാഥാർഥ്യത്തിന്റെ പ്രവചനം, ലൂക്കൊസിൽ യോബേലിന്റെ യാഥാർഥ്യത്തിന്റെ നിറവേറൽ**

- യോബേൽ സംവത്സരത്തിലെ രണ്ട് പ്രധാന അനുഗ്രഹങ്ങൾ: തന്റെ നഷ്ടപ്പെട്ട അവകാശത്തിലേക്കുള്ള ഓരോ മനുഷ്യന്റെയും തിരിച്ചുവരവും അടിമത്തത്തിൽ നിന്നുള്ള മോചനവും
  - പുതിയനിയമ യോബേലിൽ വിശ്വാസികൾ തങ്ങളുടെ നഷ്ടപ്പെട്ട ദിവ്യ അവകാശമായ ദൈവത്തിങ്കലേക്ക് മടങ്ങിയും, എല്ലാ ബന്ധനത്തിൽനിന്നും മോചിക്കപ്പെട്ടും, ദിവ്യ കുടുംബമായ സഭയിലേക്ക് മടങ്ങിയും വന്നിരിക്കുന്നു
- പഴയനിയമ മുൻകുറിയിൽ യോബേൽ ഒരു വർഷം നീണ്ടുനിന്നു, എന്നാൽ നിറവേറലിൽ അത് കൃപയുടെ യുഗമായ മുഴുവൻ പുതിയനിയമ യുഗമാണ്
- കൃപായുഗത്തിൽ—യോബേലിന്റെ ആസ്വാദനം, സഹസ്രാബ്ദത്തിൽ—യോബേലിന്റെ പൂർണ്ണ ആസ്വാദനം, പുതിയ യെരൂശലേമിൽ—യോബേലിന്റെ സവിസ്താരമായ ആസ്വാദനം

## പുതിയനിയമ യോബേൽ—ഹർഷോന്മാദത്തിന്റെ യുഗം

**II. ക്രിസ്തുവിന്റെ കൃപയുടെ വചനങ്ങളാൽ നമ്മുടെ ആസ്വാദനത്തിനായി നമ്മിലേക്ക് പകരപ്പെടുന്ന കൃപയായ ക്രിസ്തുവിന്റെ യുഗമാണ് യോബേൽ സംവത്സരം; അത് നമ്മുടെ രക്ഷയുടെ ഹർഷോന്മാദത്തിന്റെ യുഗമാണ്**

- പുതിയനിയമ യുഗം ഹർഷോന്മാദത്തിന്റെ യുഗവും, ഒരു ക്രിസ്ത്യാനി ഹർഷോന്മാദത്തിലുള്ള ഒരു വ്യക്തിയുമാണ്
- യോബേലിൽ എല്ലാ കാര്യങ്ങളും നമ്മുടെ ഹൃദയത്തിന് സുഖകരവും തൃപ്തികരവുമാണ്, നാം ഉൽക്കണ്ഠയിൽ നിന്നും സ്വതന്ത്രരും, സ്വസ്ഥരും, ആവേശഭരിതരും, ആഹ്ലാദഭരിതരുമാണ്
- കർത്താവായ യേശുവിനെ നമ്മുടെ ഉള്ളിലെ യഥാർഥ യോബേലായി നാം സ്വീകരിക്കണം
  - നമ്മിൽ ജീവിക്കുവാൻ നാം അവനെ അനുവദിക്കുകയും അവനാൽ നാം ജീവിക്കുകയും ചെയ്യാത്തിടത്തോളം, പ്രായോഗികമായി നാം യോബേലിൽ ജീവിക്കുന്നില്ല
- നമ്മുടെ ആസ്വാദനമായി സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നാം നേടിയതിനുശേഷം മാത്രമേ സകലവും നമുക്ക് തൃപ്തികരമായിരിക്കുകയുള്ളൂ

## സുവിശേഷത്തിന്റെ കേന്ദ്ര ചിന്ത യോബേലാണ്

**III. ലൂക്കൊസ് 4-ലെ യോബേലിന്റെ പ്രഖ്യാപനം ലൂക്കൊസിന്റെ മുഴുവൻ സുവിശേഷത്തിന്റെയും കേന്ദ്ര ചിന്തയെ നിയന്ത്രിക്കുന്നു; ലൂക്കൊസ് 10-ലെ ശമര്യാക്കാരന്റെയും ലൂക്കൊസ് 15-ലെ ധൂർത്തുപുത്രന്റെയും ഉപമകൾ യോബേലിന്റെ മികച്ച ഉദാഹരണങ്ങളാണ്**

- നല്ല ശമര്യാക്കാരന്റെ ഉപമയിൽ അവതരിപ്പിച്ചിരിക്കുന്ന മനുഷ്യ-രക്ഷകൻ അവന്റെ മാനുഷിക നന്മകളോടുകൂടിയ അവന്റെ ദിവ്യ സദ്ഗുണങ്ങളുടെ ആവിഷ്കാരത്തെ സൂചിപ്പിക്കുന്നു
- ധൂർത്തുപുത്രൻ തന്റെ അവകാശത്തിലേക്കും തന്റെ പിതാവിന്റെ ഭവനത്തിലേക്കും മടങ്ങിവന്നു; അതൊരു യോബേൽ, ഒരു വിമോചനം, ആയിരുന്നു
  - ദൈവത്തെ നമ്മുടെ ഓഹരിയായി എടുത്തിട്ട് “സ്വിച്ച് ഓൺ” ചെയ്യുന്നില്ലെങ്കിൽ നാം അസന്തുഷ്ടരും പ്രകാശിക്കാത്ത വിളക്കുകൾ പോലെയുമാണ്
  - നാം പിതാവിന്റെ കൂലിക്കെടുത്ത ദാസന്മാരല്ല, അവന്റെ ആസ്വദിക്കുന്ന പുത്രന്മാരാണ്; ഇപ്പോൾ മുതൽ നിത്യത വരെ നമുക്ക് ദൈവത്തെ നമ്മുടെ അവകാശമായി നിരന്തരം ആസ്വദിക്കുവാൻ കഴിയും

## യോബേലിന്റെ യാഥാർഥ്യമായി ക്രിസ്തുവിനെ ആസ്വദിക്കുകയും ഘോഷിക്കുകയും ചെയ്യുക

**IV. പുതിയനിയമ യോബേലിന്റെ സ്വാതന്ത്ര്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും യാഥാർഥ്യമായി ക്രിസ്തുവിനെ നാം ആസ്വദിക്കണം**

- യോബേലിന്റെ യാഥാർഥ്യമായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിന്, കർത്താവിന്റെ വചനം കേൾക്കുവാനും അവനെക്കൊണ്ട് സന്നിവേശിപ്പിക്കപ്പെടുവാനും നാം ദിവസംതോറും അവനോടുകൂടെ സമയം ചെലവഴിക്കണം; കർത്താവിന്റെ കാൽക്കൽ ഇരുന്ന് അവന്റെ വചനം ശ്രവിച്ചുകൊണ്ടിരുന്ന മറിയയുടെ മാതൃക നാം പിന്തുടരണം
  - അവൾ മറ്റാരുടെയും കാൽക്കലല്ല, കർത്താവായ യേശുവിന്റെ കാൽക്കൽ ആയിരുന്നു
  - അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്നു
  - അവൾ സ്വൈര്യമായി താഴെ ഇരുന്നു
  - അവൾ കർത്താവിന്റെ വചനം ശ്രവിച്ചു
- ദൈവത്തിന്റെ രക്ഷ യഥാർഥ സ്വാതന്ത്ര്യം ഉണ്ടായിരിക്കുവാൻ നമ്മെ ഇടയാക്കുന്നു; നമ്മുടെ സമ്പത്ത് ദൈവമാണ്, നമ്മുടെ സ്വാതന്ത്ര്യം നാം ദൈവത്തെ ആസ്വദിക്കുന്നതിൽനിന്നു വരുന്നു
- ഒരു മനുഷ്യന് ദൈവമില്ലെങ്കിൽ, ദൈവത്തെക്കൂടാതെ ആസ്വദിക്കുവാൻ അവൻ ശ്രമിക്കുന്നതെന്തും നായ്ക്കൾക്കുള്ള ഭക്ഷണവും, ചവറും, വിസർജ്യവുമാണ്
- നാം മതിയാംവണ്ണം കർത്താവിനെ ആസ്വദിക്കുന്നില്ലെങ്കിൽ, നിരവധി കാര്യങ്ങൾക്ക് നാം അപ്പോഴും അടിമത്തത്തിലായിരിക്കും; കർത്താവിനെ ഭക്ഷിക്കുവാനും ആസ്വദിക്കുവാനും നാം നിരന്തരം അവന്റെ അടുക്കൽ വരണം
- യോബേലിന്റെ ജീവിതം എല്ലാ സാഹചര്യങ്ങളിലും നാം ദൈവത്തെത്തന്നെയും, ക്രിസ്തുവിനെത്തന്നെയും എടുക്കുന്ന ഒരു ജീവിതമാണ്; കർത്താവിനെ നമ്മുടെ പടകിലേക്കു പ്രവേശിപ്പിക്കണം
- ക്രിസ്തുവിനെ കൃപയുടെ യോബേലായി—ജീവിക്കുകയും ഘോഷിക്കുകയും ചെയ്തുകൊണ്ട് നാം യോബേലിനെ ശുശ്രൂഷിക്കുകയും സാക്ഷിക്കുകയും ചെയ്യണം